അനുബന്ധം H4

നോട്ടീസ്

കൊളവള്ളി ലിഫ്റ്റ് ഇറിഗേഷൻ സ്റ്റേജ് -1 റീവാമ്പിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശ്രീ. എം.രാജേന്ദ്രൻ എന്ന താങ്കൾ ഉൾപ്പെടെ മൂന്ന പേർക്കെതിരെ രജിസ്റ്റർ ചെയ്ത VC No.2/17/വയനാട് നമ്പർ വിജിലൻസ് കേസിലെ യഥാർത്ഥ നഷ്ടം നിശ്ചയിക്കുന്നതിന് വകുപ്പുതല അന്വേഷണം നടത്തിയിരുന്നു. അന്വേഷണത്തിൽ 1,65,781/- രൂപയാണ് ആകെ നഷ്ടമായി കണ്ടെത്തിയതും ആയതിന് പ്രതികളായ മൂന്ന പേരും തുല്യ ഉത്തരവാദികളാണ് എന്ന് ബോധ്യപ്പെട്ടുകയുമുണ്ടായി. താങ്കളുടെ ഡി.സി.ആർ.ജി. തുകയിൽ നിന്നും ബാധ്യത തുകയായ 55,261/-രൂപ ഈടാക്കിയതിനു ശേഷം ബാക്കി തുക നൽകാവുന്നതാണ് എന്ന സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ താങ്കൾക്ക് ഡി. സി. ആർ.ജി തുക അനുവദിച്ചു നൽകിയിരുന്നു. എന്നാൽ ഈ വിഷയത്തിൽ സർക്കാരിനുണ്ടായ നഷ്ടത്തിന്റെ 1/3 ഭാഗമായ 55,261/- രൂപയും ആയതിന്റെ പലിശയും കൂടി കണക്കാക്കേണ്ടതാണ് എന്ന് വി.എ.സി.ബി.ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് 18,676.70/-രൂപ കൂടി താങ്കൾ അടയ്ക്കേണ്ടതുണ്ട് എന്ന് കണ്ടെത്തിയിരുന്നു.

18,676.70/- രൂപ താങ്കളുടെ ക്ഷാമാശ്വാസ കടിശ്ശികയിൽ നിന്നോ പെൻഷൻ പരിഷ്കരണ കടിശ്ശികയിൽ നിന്നോ ഈടാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു എന്ന വിവരം താങ്കളെ അറിയിച്ചുകൊണ്ടും പലിശതുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിനു മുൻപ് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് നേരിട്ടോ/രേഖാമൂലമോ അറിയിക്കുവാൻ ആവശ്യപ്പെട്ട് താങ്കൾക്ക് നോട്ടീസ് അയച്ചിരുന്നു എങ്കിലും ആയത് മടങ്ങി വന്നു.

ഈ സാഹചര്യത്തിൽ പലിശ തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുന്നതിനു മുൻപ് ഇത് സംബന്ധിച്ച് താങ്കൾക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസങ്ങൾക്കകം രേഖാമൂലം അറിയിക്കേണ്ടതാണ്. നിർദ്ദിഷ്ടസമയത്തിനുള്ളിൽ താങ്കളുടെ മറുപടി ലഭ്യമാകാത്തപക്ഷം ഇക്കാര്യത്തിൽ താങ്കൾക്ക് ഒന്നും ബോധിപ്പിക്കാനില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

അശോക് കുമാർ സിംഗ്
ഐ എ എസ്

പ്രിൻസിപ്പൽ സെക്രട്ടറി